(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ നേരത്തേ സമർപ്പിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) നിലവിൽ ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊപ്പോസലുകൾ അതാത് സാമ്പത്തിക വർഷത്തിൽ മാത്രം സ്വീകരിച്ച് ആസ്തി വികസന പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പരിശോധിക്കുകയും ഭരണാനുമതിക്കുള്ള ധനാനുമതി നൽകുകയുമാണ് ചെയ്തുവരുന്നത്. ആയതിനാൽ 2016-17 വർഷത്തെ 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ആ സാമ്പത്തിക വർഷത്തിൽ മാത്രമേ കൊടുത്തു തുടങ്ങാൻ സാധിക്കുകയുള്ളൂ.

കേരള സംസ്ഥാന സംരംഭക മിഷൻ

72 (77) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സംരംഭക മിഷന്റെകീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ബി) ഇതുവരെ എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യങ്ങൾ കിട്ടിയിട്ടുള്ളത്; ഇതിനായി ചെലവഴിച്ച രൂപ എത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ;

(സി) സംരംഭകർക്ക് നിലവിൽ എന്തെല്ലാം പരിശീലനങ്ങൾ നൽകിവരുന്നു ; ഓരോ സംരംഭത്തിനും എത്ര രൂപ വീതമാണ് സഹായം നൽകുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) 31-10-2015 ലെ കണക്കുകൾ പ്രകാരം 1092 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 233 സംരംഭങ്ങൾക്ക് വായ്പ അനുവദിച്ച് പ്രവർത്തനത്തിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-10-2015 -ലെ കണക്കുകൾ പ്രകാരം 2979 സംരംഭങ്ങൾക്ക് ഇതിന്റെ ആനുകൂല്യം കിട്ടിയിട്ടുണ്ട്. ഇതിനായി ചെലവഴിച്ച തുക 10910.21 ലക്ഷം രൂപ. (വായ്പയായി അനുവദിച്ച തുക)ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

ജില്ല	സംരംഭങ്ങൾ	സംരംഭകർ	വായ്പ അനുവദിച്ച തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	217	503	2006.89
കൊല്ലം	47	82	388.27
പത്തനംതിട്ട	26	56	174.18
കോട്ടയം	79	190	788.75
ആലപ്പുഴ	64	117	403.31
എറണാകുളം	163	360	1269.33
ഇടുക്കി	116	257	808.52
തൃശ്ശൂർ	44	88	319.95
മലപ്പുറം	167	417	1529.63
പാലക്കാട്	83	164	593.01
കോഴിക്കോട്	118	254	793.80
വയനാട്	74	176	624.40
കണ്ണൂർ	79	202	749.20
കാസർഗോഡ്	48	113	460.97
മൊത്തം	1325	2979	10910.21

(സി) സംരംഭകർക്ക് നിലവിൽ 13 ദിവസത്തെ പരിശീലന പരിപാടിയാണ് നടപ്പിലാക്കിവരുന്നത്. ക്ലാസ് റൂം പരിശീലനവും വിപണന സാധ്യതാ പഠനവുമാണ് ഇതിൽ ഉൾപ്പെട്ടുത്തിയിരിക്കുന്നത്. ഓരോ വ്യക്തിക്കും 7 ലക്ഷംരൂപ എന്ന കണക്കിൽ ഒരു സംരംഭത്തിന് പരമാവധി 20 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും ടെക്നോക്രാറ്റുകൾക്ക് 15 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly